**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1127** **06-10-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹികൈക്യം പരിപോഷിപ്പിക്കുന്നതിന് കലാ സാംസ്കാരിക ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ വി ജോയി,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീമതി ദെലീമ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായ മലബാർ കലാപത്തെ വക്രീകരിച്ച് സംസ്ഥാനത്തെ മതനിരപേക്ഷ സമൂഹത്തിൽ സാമുദായിക പ്രശ്നങ്ങൾ സൃഷ്ടിക്കാൻ നടത്തുന്നതായി പറയപ്പെടുന്ന തെറ്റായ നീക്കങ്ങൾക്കെതിരെ കലാ-സാംസ്കാരിക ഇടപെടൽ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; | (എ) | എ) യും ബി) യും സാമൂഹ്യ ഐക്യവും മതനിരപേക്ഷതയും പുരോഗമന ആശയങ്ങളും പരിപോഷിപ്പിക്കുന്നതിനായി സാംസ്കാരിക വകുപ്പ് വിവിധ സാംസ്കാരിക വിദ്യാഭ്യാസ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | സാമൂഹിക ഐക്യവും മതനിരപേക്ഷതയും പുരോഗമന ആശയങ്ങളും പരിപോഷിപ്പിക്കുന്നതിന് സാംസ്കാരിക വിദ്യാഭ്യാസ പരിപാടി ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | എ) യും ബി) യും സാമൂഹ്യ ഐക്യവും മതനിരപേക്ഷതയും പുരോഗമന ആശയങ്ങളും പരിപോഷിപ്പിക്കുന്നതിനായി സാംസ്കാരിക വകുപ്പ് വിവിധ സാംസ്കാരിക വിദ്യാഭ്യാസ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (സി) | സാംസ്കാരിക രംഗത്തെ ഉണർവ്വ് ലക്ഷ്യമാക്കി നവോത്ഥാന നായകരുടെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയങ്ങളുടെ നിലവിലെ നിർമ്മാണ പുരോഗതി അറിയിക്കാമോ? | (സി) | ശ്രീനാരായണ ഗുരുവിന്റെ നാമധേയത്തിൽ കൊല്ലം കോർപ്പറേഷൻ പരിധിയിൽ ആശ്രമം മൈതാനത്തിന് സമീപത്തായി 3.5 ഏക്കർ ഭൂമിയിൽ നിർമ്മാണം നടന്നു വരുന്ന സമുച്ചയത്തിന്റെ ഒന്നാം ഘട്ട ഉദ്ഘാടനം 25.02.2021ന് നിർവ്വഹിച്ചു. പ്രസ്തുത സമുച്ചയത്തിൽ എക്സിബിഷൻ ബ്ലോക്കിന്റെ ഫസ്റ്റ് ഫ്ലോറിൽ ബ്ലോക്ക് വർക്കും, പ്ലാസ്റ്ററിംഗ് വർക്കും 90% പൂർത്തീകരിച്ചു ബാക്കിയുള്ള നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു. പാലക്കാട് ജില്ലയിൽ പാലക്കാട് മെഡിക്കൽ കോളേജിനു സമീപം യാക്കര വില്ലേജിൽ 5 ഏക്കർ ഭൂമിയിലാണ് വി.ടി. ഭട്ടതിരിപ്പാടിന്റെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നത്. പെർഫോർമൻസ് ബ്ലോക്കിൽ ഗ്രൗണ്ട് ഫ്ലോറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ മടിക്കൈ പഞ്ചായത്തിൽ 4ഏക്കർ ഭൂമിയിലാണ് സുബ്രഹ്മണ്യൻ തിരുമുമ്പിന്റെ പേരിലുള്ള സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ നടന്നു വരുന്നത്. പദ്ധതിയുടെ ഒന്നാംഘട്ട ഉദ്ഘാടനം 19.02.2021 ന് നിർവ്വഹിച്ചു. മലപ്പുറം ജില്ലയിൽ അബ്ദു റഹ്മാൻ സാഹിബ്ബിന്റെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയം പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. സമുച്ചയ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികളുടെ ഭാഗമായി ടെക്നിക്കൽ സാംങ്ഷൻ നൽകുന്ന നടപടി പുരോഗമിക്കുന്നു. തൃശ്ശൂർ, കണ്ണൂർ, ആലപ്പുഴ, കോട്ടയം സാംസ്കാരിക സമുച്ചയങ്ങളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആർ) അംഗീകാരത്തിനായി കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ വൈക്കം മുഹമ്മദ് ബഷീറിന്റെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയത്തിന് ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. എറണാകുളം, ഇടുക്കി, വയനാട്, തിരുവനന്തപുരം, പത്തനംതിട്ട എന്നീ ജില്ലകളിൽ സ്ഥാപിക്കുന്ന സാംസ്കാരിക സമുച്ചയങ്ങൾക്കായി ഭൂമി കണ്ടെത്തുവാൻ ജില്ലാ ഭരണകൂടങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ